

# Digima
## *Digital Magazine*

Created By
Little Kites IT Club
2018-19

GGHSS KOYILANDY

# ആശംസ

ഗവൺമെന്റ് ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളിലെ ഹൈസ്കൂൾ ക്ലാസിലെ കുട്ടികളുടെ കഥകളും കവിതകളും ഡിജിറ്റലൈസ് ചെയ്ത ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്ക് അഭിനന്ദനങ്ങൾ അറിയിക്കുന്നതോടപ്പം അംഗങ്ങൾക്ക് മാർഗനിർദ്ദേശം നല്കിയ അധ്യാപകർക്കും ആശംസകൾ നേരുന്നു.

ഹെഡ്മാസ്റ്റർ

മൂസ മേക്കുന്നത്ത്

# എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ : അമിഷ പ്രകാശ്
സബ് എഡിറ്റർ : മെസൂൺ ഹമീദ്
അംഗങ്ങൾ : ഹയാത്ത്
അനപ്രിയത ആർ
ആരഭി എസ് ബി
മാളവിക എച്ച്
അനഘ എം
ശ്രീയുക്ത ബി

**കൈറ്റ് മാസ്റ്റർ : സുരേഷ് കെ കെ**
**കൈറ്റ് മിസ്ട്രസ് : സുപ്രിയ പി കെ**

**ഉള്ളടക്കം**


प्यारी माँ......6
അലകൾ......7
അമ്പിളിയമ്മാവൻ......9
അമ്മയുടെ നൊമ്പരം......10
ഗോവിന്ദൻ മാഷുടെ ചൂരൽ......11
ഞങ്ങളുടെ പച്ചക്കറി കൃഷി......13
എന്റെ വീട്......14
വര......15
ആർക്കും വേണ്ടാത്തവ......16
വര......18
വായ്ത്താരി......19
വര......20
ചില്ലിട്ടുവയ്ക്കുന്ന കുത്തിവരകൾ......21
ഭക്ഷ്യമേളയിൽ നിന്ന്......22
മഴ വന്നപ്പോൾ......23
നിയ പ്രമോദ് 5E......23
ഹരിതഭംഗിയിൽ......24
Livid Moste......25
ARABHI.S.B......25
നിഴൽ......26
HOPING DREAMS......27
Waste into Wealth......28
പ്രണയിനി......29
രാത്രി അനപ്രിയത.ആർ......30
വര......31

# **സമർപ്പണം**

അതിജീവനത്തിന്റെ പുതിയ പാഠങ്ങൾ പകർന്നു നൽകിയ കേരളീയ ജനതയ്ക്ക്...

# प्यारी माँ

मर-मर के रहती
रहती है वह
पल पल आँसू भरा
जीवन जीती रहती है वह।
वह है माँ......
एक प्यारी माँ
खाना, खिलाती,मुझको हँसाती
लोरी सुनाती रहती है वह
अपने प्यार के आँचल
मैं मुझे चूपा के रखती है वह
वह है माँ.......
एक प्यारी माँ...
जिंदगी की लडाई से लड़के
उसे जितना सिखाती है वह
वह है माँ
तुझको सलाम है ओ मेरी
माँ।तेरे लिए है मेरी हर
एक दुआ ओ मेरी माँ
अब तूही है जन्नत मेरी
और तूही सारा जहाँ
ओ प्यारी मां
प्यारी माँ....

# അലകൾ

മംത മനോജ്
7 C

വൈശാഖൻ സാർ രജിസ്റ്ററുമായി ക്ലാസ്മുറിയിലേക്ക് നടന്നു. അഞ്ചാം ക്ലാസിലെ മലയാളം സാറാണ് വൈശാഖൻ.വൈശാഖൻ സാർ ക്ലാസിലെത്തിയപ്പോൾ കുട്ടികളെല്ലാം എഴുന്നേറ്റു നിന്നു. പുതിയ സാറിനെ കുട്ടികൾക്കെല്ലാം ഇഷ്ടമായി. ക്ലാസ് തുടങ്ങി അര മണിക്കൂർ കഴിഞ്ഞപ്പോഴാണ് ഒരു കുട്ടി ഓടിക്കിതച്ച് ക്ലാസ് മുറിയുടെ പുറത്തെത്തിയത്. അവനെ കണ്ടപ്പോൾ കുട്ടികൾ കൂട്ടച്ചിരിയായി. സാർ അവനോട് ചോദിച്ചു : എന്താ വൈകിയത്? അവൻ ഒന്നും പറയാതെ താഴേക്ക് നോക്കിനിന്നു. വൈശാഖൻ അവനെ ക്ലാസിലിരുത്തി. അവന്റെ പേര് ചോദിച്ചു. അവൻ പറഞ്ഞു "രഘു".

വൈശാഖൻ വീണ്ടും പാഠത്തിലേക്ക് കടന്നു. ഒരു വൈകുന്നേരം വൈശാഖൻ ബീച്ചിലൂടെ നടക്കുകയായിരുന്നു. അപ്പോഴാണയാൾ ആ കാഴ്ച കാണുന്നത്. രഘു കടലിൽ നീന്തുന്നു. തിരമാലകളിൽ കുത്തിമറിഞ്ഞ് അവൻ നീന്തുമ്പോൾ കാഴ്ച്ചക്കാർ കൂവിവിളിക്കുന്നു. അല്പസമയത്തിനു ശേഷം അവൻ നീന്തൽ നിർത്തി കരയിലേക്ക് കയറി. കാഴ്ചക്കാർ അവന് പൈസ കോടുക്കുന്നത് വൈശാഖൻ കണ്ടു. വൈശാഖൻ  അവന്റെ അടുത്തേക്ക് നടന്നു. സാറിനെ കണ്ടപ്പോൾ അവന് വല്ല്തായി. വൈശാഖൻ രഘുവിന്റെ അടുത്തെത്തി.

ഇത്രയും അപകടകരമായി നീ എന്തിനാണ് നീലന്തുന്നത് എന്ന സാറിന്റെ ചോദ്യത്തിനുത്തരമായി അവന്റെ കണ്ണിൽ നിന്ന് കണ്ണീർ പൊടിയുകയല്ലാതെ അവനൊന്നും മിണ്ടിയില്ല. എന്നിട്ട് രഘു തന്റെ കഷ്ടപ്പാടിന്റെ കഥ സാറിനോട് പറഞ്ഞു. തന്റെ അചഛൻ മരിച്ചിട്ട് വർഷങ്ങളായെന്നും അമ്മ വേലചെയ്താണ്  തന്നെ വളർത്തിയതെന്നും പക്ഷെ ഇപ്പോൾ അമ്മയ്ക് സുഖമില്ലാതായെന്നും തനിക്കിതിൽ നിന്ന് കിട്ടുന്ന ചില്ലറത്തുട്ടുകൾ കൊണ്ടാണ് താൻ ജീവിക്കുന്നതെന്നും  പറഞ്ഞു. രഘു സ്കൂളിൽ വരുന്നത് തന്നെ ഉച്ചക്കഞ്ഞി കിട്ടുമല്ലോ എന്നു കരുതിയാണ്. സ്കൂളില്ലാത്ത ദിവസങ്ങളിൽ അധികവും പട്ടിണിയാണ്. രഘുവിന്റെ കഥ കേട്ടപ്പോൾ വൈശാഖിന് സങ്കടം തോന്നി. പിന്നീട് പല വൈകുന്നേരങ്ങളിലും വൈശാഖൻ രഘുവിനെ കണ്ടു. സാറിനെ കണ്ടപ്പോൾ അവൻ കൈവീശിക്കാണിച്ചു. ഓണാവധിയായി വൈശാഖൻ നാട്ടിലേക്ക് പോവാൻ

തീരുമാനിച്ചു. വഴിയിൽ വെച്ച് രഘുവിനെക്കണ്ടു. രഘു മാഷിനെക്കണ്ടപ്പോൾ ഓടിയെത്തി. നാട്ടിൽ നിന്നും വരുമ്പോൾ  രഘുവിന് ഒരു സമ്മാനം കൊണ്ടുവരുമെന്ന് വൈശ്ഖൻ പറഞ്ഞു. വൈശാഖൻ കണ്ണിൽ നിന്നും മറയുന്നത് വരെ രഘു നോക്കിനിന്നു. ദിവസങ്ങൾ പെട്ടെന്ന് കടന്നുപോയി. ഓണാവധി കഴിഞ്ഞ് വൈശാഖൻ തിരിച്ചെത്തി. നാളെ സ്കൂൾ തുറക്കുകയാണ്. ഇന്നെന്തായാലും രഘുവിനെ കാണണം. അവന് കൊണ്ടുവന്ന പുതിയ ഷർട്ടും, നിക്കറും അവന് കൊടുക്കണം. അവനിത് കിട്ടുമ്പോൾ ഭയങ്കര സന്തോഷമായിരിക്കും. വൈശാഖൻ രഘുവിനെക്കാണാനായി കടൽതീരത്തെത്തി. പതിവിലും തിരക്കുണ്ടായിരുന്നു കടൽതീരത്ത്. പക്ഷെ രഘുവിനെക്കണ്ടില്ല. വൈശാഖൻ രഘുവിന്റെ വീട്ടിലേക്കു നടന്നു. വൈശാഖൻ രഘുവിനെ വിളിച്ചു. ഒരു മറുപടിയും ഉണ്ടായില്ല. വൈശാഖൻ തിരിച്ചു പോവാൻ തുനിഞ്ഞുഞപ്പോഴാണ് രഘുവിന്റെ അമ്മയെ കണ്ടത്. താൻ രഘുവീനെക്കാണാനാണ് വന്നതെന്ന് പറഞ്ഞപ്പോൾ ആ സ്ത്രീ പൊട്ടിക്കരഞ്ഞുകൊണ്ട് പറഞ്ഞു : രഘു ആ മൺകൂനയ്ക്കുള്ളിലാണുന്നത്.


വൈശാഖന് ഒന്നും മനസ്സിലായില്ല. ആ സ്ത്രീ പറഞ്ഞു : ഓണത്തിന് കടൽതീരത്ത് വലിയ തിരക്കായിരുന്നു. ഞാൻ പോകണ്ടാന്ന് പറഞ്ഞിട്ടും അവൻ എനിക്ക് ഓണപ്പുടവ വാങ്ങിത്തരാൻ പൈസ ഉണ്ടാക്കണം എന്നു പറഞ്ഞുകൊണ്ട് ഓടിപ്പോയി. പോകുമ്പോൾ അവന് നേരിയ പനിയുണ്ടായിരുന്നു. തിരമാലകൾക്കിടയിലൂടെ അവൻ മുങ്ങാംകുഴിട്ട് നീന്തി. വീണ്ടും, വീണ്ടും അവൻ മുന്നേറി. പെട്ടെന്നാണൊരു തിരമാല ആർത്തലച്ച് വന്നത്. ആ തിരമാല അവനെയും കൊണ്ടു പോയി. മൂന്നാമത്തെ ദിവസമാണ് അവനെ കൊണ്ടുവന്നത്. വൈശാഖൻ ഒന്നും പറഞ്ഞില്ല. താൻ കൊണ്ടുവന്ന ആ പൊതി രഘുവിന്റെ ഉടൽമറവു ചെയ്ത മൺകൂനയ്ക്കു മുകളിൽ വെച്ച് അയാൾ നടന്നു. അപ്പോൾ സാറേ എന്നൊരു വിളി വൈശാഖൻ തിരമാലകൾക്കിടയിലൂടെ വൈശാഖൻ കേട്ടു.

# പഠനോത്സവക്കാഴ്ച്ച



# അമ്പിളിയമ്മാവൻ

ഹനീന പാർവതി എം. പി
5 A



# അമ്മയുടെ നൊമ്പരം

മാനസ.ടി.പി
9 I

വിദൂരയിലേക്ക് കണ്ണും നട്ട് കാത്തിരിക്കുകയാണ് അമ്മാളു അമ്മ.ദൂരങ്ങളുടെ ദൂരത്തിലേക്ക് പോകുമ്പോൾ അമ്മ ഓർക്കയാണ് തന്റെ മകനെ.മനസ്സിന്റെ ഉള്ളിൽ എവിടെയോ വച്ച് ഉപേക്ഷിച്ച ആ മകനെ.പെട്ടെന്ന് സ്വപ്നത്തിൽ നിന്ന് തന്നെ ആരോ ഒരാൾ ഉണർത്തിയപോലെ തലയ്ക്കൊരു അടി.കണ്ണുകൾ തുറിപ്പിച്ചു നോക്കുമ്പോൾ മനസ്സിലായി, അത് പൊന്നമ്മ തന്നെയാ.വിളറി വെളുത്ത മുഖവും തടിച്ച ശരീരവും നീണ്ട മൂക്കും കൂർത്ത പല്ലുകളും അമ്മാളു അമ്മയുടെ മനസ്സിലെ ആ രൂപവും ഇതും ചേർത്തു നോക്കുമ്പോൾ,

"അതെ അത് അവൾ തന്നെയാണ്."പതിഞ്ഞ സ്വരത്തോടു കൂടി അമ്മാളുഅമ്മ ചോദിച്ചു ; എന്തേ... വേഗം നടക്ക് അവിടെ അവര് നിന്നെ അന്വേഷിക്കുന്നു.ഊണ് തയ്യാറാ അതാ,അവിടത്തെ പുതിയൊരു അതിഥിയാണ് അമ്മാളുഅമ്മ.മെല്ലെ നടന്ന് നീങ്ങുമ്പോൾ എങ്ങും പരക്കുന്ന നിശബ്ദത നീണ്ട ഒഴുക്കായി അമ്മാളുവിൻെറ കാതിൽ ചൊരിയുകയാണ്.അങ്ങും ഇങ്ങുമായി വൃദ്ധന്മാരുടെ ചെറിയൊരു കൂട്ടം.അതൊരു വൃദ്ധസദനമായിരുന്നു.ഭക്ഷണത്തിനു മുമ്പിൽ ഇരുന്നിട്ടും ഒരു മണിവറ്റും അവളുടെ വായിൽ പോയില്ല.ചുമരും ൂണും പിടിച്ച് അവൾ അവിടെ നിന്ന് എഴുന്നേറ്റ് വരാന്തയോട് ചേർന്നുള്ള മരച്ചുവട്ടിൽ കുത്തിരിപ്പായി.കാറ്റിലാടുന്ന ഇലയുടെ മർമരം അവളുടെ കാതിൽ മുഴങ്ങുകയായിരുന്നു.ആ മർമരം അവളെ ഒരു ഗാഢനിദ്രയിലെ സ്വപ്നത്തിലേക്കാഴ്ത്തി.

അമ്മാളു ഇപ്പോൾ തൻെറ മകൻെറ കൈയും പിടിച്ച് ഒരു യാത്രയിലായിരുന്നു.വിദൂരതയിലേക്കുള്ളയാത്ര.തനിക്കിഷ്ടമായുള്ളതെല്ലാം അവൻ വാങ്ങിത്തന്നു.എല്ലാ സ്ഥലവും ചുറ്റിക്കാണിച്ചു.ഒടുവിൽ ഒരു സ്ഥലത്ത് കാറുനിർത്തി അവൻ അമ്മാളുവിൻെറ കൈയും പിടിച്ചു അവിടെയുള്ള പടികൾ കേറിത്തുടങ്ങി.അത് വൃദ്ധസദനമായിരുന്നു.അത് മനസ്സിലാക്കാൻ അമ്മാളുവിന് കഴിഞ്ഞില്ല.അവിടെ അവൻ അമ്മയെ ഉപേക്ഷിച്ചുകൊണ്ട് ഇറങ്ങിപ്പോയി.

അവിടെനിന്ന് ഒറ്റപ്പെടൽ മനസ്സിലായപ്പോൾ അവൾക്ക് മനസ്സിലായി തൻെറ മകൻ ഇനി തിരിച്ചുവരില്ലാ എന്നും അവൻ തന്നെ ഉപേക്ഷിച്ചെന്നും.

കണ്ണുകൾ തുടച്ചുകൊണ്ട് ഉറക്കത്തിൽ നിന്നെഴുന്നേറ്റപ്പോഴും ഇലയുടെ മർമരം അവളുടെ കാതിൽ മുഴങ്ങിക്കൊണ്ടേയിരുന്നു.അത് നദിയുടെ ശാന്തമായ ഒഴുക്കുപോലെ തുടർന്നുകൊണ്ടിരുന്നു.

# ഗോവിന്ദൻ മാഷുടെ ചൂരൽ

**അവനിജ .സി**

**8 C**

ഒരു രണ്ട് രണ്ട്, രണ്ട് രണ്ട് നാല്, മൂന്ന് രണ്ടാറ്, നാല് രണ്ടെട്ട്, അയ് രണ്ട് പത്ത്, അങ്ങനെ പത്ത് രണ്ട് വരെയും ഗണേശ് ശ്വാസം വിടാതെ പറഞ്ഞു തീർക്കുമ്പോൾ എന്റെ ഹൃദയമിടിപ്പ് കൂടുകയാണ്. അടുത്തത് സുരേഷ്. അവൻ കഴിഞ്ഞാ ഞാനാണ്. സുരേഷ് മടിയോടെ എഴുന്നേറ്റു. ഗോവിന്ദൻക്കുട്ടിമാഷ് അവനെയൊന്നടിമുടി നോക്കിക്കൊണ്ട് പറഞ്ഞു. നീ ആളത്ര ശരയല്ലൊല്ലെടാ, നീ രന്ടിന്റെ ചൊല്ലണ്ട, നീ മൂന്നങ്ങിട് ചൊല്ല്. ഒ....രു മൂന്ന്, മൂന്ന്, രണ്ട് മൂ....ന്നാറ്, മൂ...മൂന്നൊമ്പത്, നാ...നാ...മൂന്ന്, നാ മൂന്ന്, സുരേഷ് പരുങ്ങി. "ഇങ്ങട്ട് മാറിനിക്കെടാ, " ഗോവിന്ദൻകുട്ടിമാഷ് മൂക്കിന്റെ തുമ്പലേക്കൊലിച്ചു വന്ന കണ്ണട മൂകളിലോട്ടാക്കി പറഞ്ഞു. കൈയ്യിലെ ചൂരൽ മുകളിലോട്ടുയർന്നു. സുരേഷ് കണ്ണടച്ച് കൈ മുന്നോട്ടു നീട്ടി. അടി സുരേഷിനാണെങ്കിലും അവനേക്കാൾ വേദനയും പേടിയും എനിക്കായിരുന്നു. "നെക്സ്റ്റ് ", ഗോവിന്ദൻകുട്ടിമാഷ് ഉച്ചത്തിൽ പറഞ്ഞു. ഞാൻ പേടിയോടെ എഴുന്നേറ്റു. ഒരു ...നാല് നാല്, രണ്ട്നാലെട്ട്, മൂ...നാല്, മു..നാല് , മാഷിന്റെ ചൂരൽ മേലോട്ടുയരുന്നതിനു മുൻപ് ഞാൻ പേടിച്ച് ഉച്ചത്തിൽ പറഞ്ഞു. മൂന്നാല് പന്തണ്ട്. മാഷിന്റെ ചൂരൽ പത്തി താഴ്ത്തി. ഞാൻ തുടർന്നു. നന്നാല്, ന...ന്നാല്. ഇപ്രാവിശ്യം എനിക്ക് കിട്ടി. നല്ല ഉഷാഫ് അടി ഏഴെണ്ണം. എങ്ങനെയാണ് ഏഴിന്റെ കണക്കെന്നോ? ഒരു സംഖ്യയുടെ ചൊല്ലുകയാണെന്നിരിക്കട്ടെ. അഞ്ചുവരെ ചൊല്ലിയാൽ ബാക്കി അഞ്ചെണ്ണം ചൊല്ലണം. അന്നേരം അഞ്ചടി. ഞാൻ മൂന്നെണ്ണം മാത്രം ചൊല്ലിയതിനാൽ ബാക്കി എഴ്. അതിനാൽ എനിക്ക് ഏഴടി.

ക്ലാസിലെ മിക്ക കുട്ടികൾക്കും കിട്ടി. എണ്ണത്തിനനുസരിച്ച്. സുമിത്രയും സൗമ്യയുമൊക്കെ എങ്ങനെയാണിങ്ങനെ ശ്വാസം വിടാതെ പറയുന്നത്. മാഷ് ബോർഡിലെഴുതുന്നതൊന്നും തന്നെ എനിക്ക് മനസിലാവാറില്ല. എന്തിന് ഞാൻ നോട്ടിലെഴുതുന്നതുപോലും. ചിലപ്പോൾ സംഖ്യകൾ, ത്രികോണങ്ങൾ, വൃത്തങ്ങൾ ഇങ്ങനെ ബോർഡിലോരോന്നായി കുത്തികുറിച്ചുകൊണ്ടിരിക്കും. ഗോവിന്ദൻ കുട്ടിമാഷ്. കോവിന്ദൻ കുട്ടിമാഷെന്നാ ഞങ്ങളെല്ലാവരും വിളിക്കുന്നത്. വട്ടത്തിലുള്ള മുഖം. ചെറിയ കണ്ണുകൾ. ചെറിയ കണ്ണുകളാണെങ്കിലും കണക്കു തെറ്റുമ്പോൾ ആ കണ്ണങ്ങ് വലിയ കണ്ണായി മാറും. മൂക്കിന്റെ തുമ്പത്തൊരു വട്ട കണ്ണട. മൂക്കിനു താഴെ കട്ടി മീശയും. അതിൽ ഒന്നോ രണ്ടോ നരച്ചത്. ഇസ്തിരിയിട്ട വടിപ്പോലെ നിക്കണ വെള്ള ഷർട്ടും മുണ്ടും. തനി രാഷ്ട്രീയക്കാരനെ പോലെ. വലത്തെ കൈയ്യിലൊരു ചൂരലും ഇടതുകൈയ്യിൽ ഒരു കാലൻ കുടയും. നെഞ്ചുവിരിച്ച് തലയുയർട്ടി ഒരു നടത്തമാണ്. കഞ്ഞികുടിക്കാനുള്ള സമയം കഴിഞ്ഞാൽ ആരെങ്കിലും ക്ലസിനു പുറത്തുണ്ടെങ്കിൽ മാഷിന്റെ ചൂരൽ പത്തിയുയർത്തും. അതിനാൽ ആരും ക്ലാസിനു പുറത്തിറങ്ങാറില്ല.

ഞാനിതെല്ലാം നിങ്ങളോട്ടു പറയുന്നത് കണക്കിന്റെ പിരിയഡാണെന്നോർക്കണം. ക്ലാസിലിരുന്ന് മുഷിഞ്ഞിട്ടാ ഞാനിതെല്ലാം നിങ്ങളോട്ടു പറയുന്നത്. "എടാ കുട്ടിരാമാ,നീയെന്താ സ്വപ്നം കാണുകയാ" അതാ വീണ്ടും. ഒരു മിനുട്ട് ഞാൻ അടി വാങ്ങിയിട്ടിപ്പം വരാം.

“എന്താടാ നിനക്കവിടെ ഇങ്ങോട്ടുവാടാ,” ഞാൻ മടിച്ചുമടിച്ച് ചെന്നു. “തിരിഞ്ഞു നിക്കെടാ.” ഞാൻ തിരിഞ്ഞു നിന്നു, ബോർഡിനഭിമുഖമായ് അടി പ്രതീക്ഷിച്ച്. കുറച്ചുനേരം ഞാൻ അടി പ്രതീക്ഷച്ചു നിന്നു. ഞാൻ മെല്ലെ കണ്ണു തുറന്നു. കിട്ടി, എനിക്ക് കിട്ടി. കാലിന്റെ മുട്ടിന്. ഞാനൊന്നു പിടഞ്ഞു. വീണ്ടും കിട്ടി. ഞാനറിയാതെ വിളിച്ചുപോയ്  "അമ്മേ". കുട്ടികൾ ചിരിക്കുന്നു. പെൺക്കുട്ടികൾ വായപൊത്തി ചിരിക്കുന്നു. പോരാത്തതിന് മാഷുടെ കുത്തുന്ന പരിഹാസവും. എനിക്ക് മാഷോടും എന്റെ സഹപാടികളോടും എന്തെന്നില്ലാത്ത വെറുപ്പും അമർഷവും എന്റെയുള്ളിൽ കിടന്നെരിഞ്ഞു. ഞാൻ വെറുപ്പോടെ അടക്കി പറഞ്ഞു "ഗോവിന്ദൻ അല്ല കോവിന്ദൻ.” ഞാൻ തിരിച്ച് എന്റെ ബെഞ്ചിനടുത്തേക്ക് നടന്നു. എന്റെ കൂട്ടുകാർ ചിരി അടക്കിപിടിച്ചിരുന്നു. എത്രയും വേഗം ബെല്ലടിക്കണേ എന്നു ഞാൻ പ്രാർഥിച്ചു. എന്റെ പ്രാർഥന കേട്ടെന്ന പോലെ ബെല്ലടിച്ചു. ദേശീയഗാനവും ചൊല്ലി. “ജയഹേ...ജയഹേ....ജയഹേ....ജയജയജയ ജയഹേ.....”

# ഞങ്ങളുടെ പച്ചക്കറി കൃഷി







# എന്റെ വീട്

**ദേവനന്ദ പ്രസാദ്**
**6 B**

തിരയടിക്കുന്ന തീരത്തിലെ
ഒരു പൂമരച്ചോട്ടിലാണെന്റെ വീട്
അമ്മയുമ്മച്ഛനും സ്നേഹം വിതറുന്ന
ഒരു കൊച്ചു സ്വർഗ്ഗമാണെന്റെ വീട്
സത്യം പറയാനും നല്ലതു ചെയ്യാനു -
മെന്നും പഠിപ്പിക്കുമെന്റെ അമ്മ
പാഠം പഠിക്കാനും ജോലികൾ
ചെയ്യാനും ഏറെ സഹായിക്കുമെന്റെ അച്ഛൻ
ഓരോ ദിവസവും നന്മകൾ കായ്ക്കുന്ന
ഒരു വൻമരമായി ഞാൻ വളരും
എന്നെ വളർത്തിയെന്ന
അമ്മയ്ക്കും അച്ഛനും
തണലേകും തരുവായി ഞാൻ വളരും
ഒരു തണലേകും തരുവായി ഞാൻ വളരും...

# വര

നിരഞ്ജന ടി കെ




# ആർക്കും വേണ്ടാത്തവ

**ശ്രീനന്ദ ബി**
**10 H**

ഇന്നെങ്ങും
പ്രതിമകൾ  സുലഭമാണ്
വലുത് ചെറുത്
കറുപ്പ് വെളുപ്പ്
അങ്ങനെ
ഏത് തരത്തിലും
ഏത് നിറത്തിലും
വിൽപനയ്ക്കെത്തിക്കഴിഞ്ഞു ,
രക്തവും മാംസവുമുള്ളവ വരെ
എല്ലാറ്റിനും പൊള്ളുന്ന വില
ചന്തയിൽ വൻതിരക്ക്
നിരാശനായി
മടങ്ങുമ്പോഴാണ് കണ്ടത്
ഒരൊഴിഞ്ഞ മൂലയിൽ
സ്വന്തമായൊരു ഹൃദയമുള്ള
ഒറ്റക്കണ്ണൻ പ്രതിമ
കാലൊടിഞ്ഞവശനായി
കിടക്കുന്നു
ശ്രദ്ധിക്കാനേ പോയില്ല

# വര

നിരഞ്ജന ടി കെ



# വായ്ത്താരി

**ഗൗതമി ദയാനന്ദ്**

വളരെ തിരക്കേറിയ നഗരം . ഉയർന്ന് പൊങ്ങിയ ആറടിപ്പാത ഇല്ലാതാക്കിയത് പാടങ്ങളെയും പനകളേയും ളുക്കണാം കുരുവികളെയുമാണ്.ചീറിപ്പായുന്ന വേഗതയിൽ പരസ്പരം വാഹനങ്ങൾ ഒച്ച ഉണ്ടാക്കുന്നത് തന്റെ മുറിയിലെ ജനവാതിലിലൂടെ നോക്കികാണുകയാണ് കല്ല്യാണിയേട്ടത്തി . നവതിയാകാറായി , ചുക്കിച്ചുളിഞ്ഞ ശരീരം , തെളിച്ചമില്ലാത്ത കണ്ണുകൾ , ഒറ്റ നോട്ടത്തിൽ തന്നെ കണ്ടാലറിയാം ജീവിതം അവർക്ക് സന്തോഷങ്ങൾ സമ്മാനിച്ചിട്ടില്ലായെന്ന് .

കല്ല്യാണിയേട്ടത്തിയുടെ ഓർമ്മകൾ വർഷങ്ങൾ പിന്നില്ലേക്ക് ചിറകടിച്ചുപറന്നു .ജനിച്ചത് അനാഥയായാണ് . പക്ഷേ പഠനത്തിൽ താൻ വളരെ മിടുക്കിയായിരുന്നു . തന്റെ ബുദ്ധിശക്തിയിൽ അത്ഭുതവും അസൂയയുമുണ്ടായവരുണ്ടായിരുന്നു . പക്ഷെ പെട്ടെന്നൊരു വൈവാഹിക ജീവിതത്തിന് തയ്യാറാകേണ്ടി വന്നു . എല്ലാം വിധിയെന്നു കരുതി സമാധാനിച്ചു .ധനികനും പ്രമാണിയുമായ ഭർത്താവ് - രാമൻ . വളരെ പെട്ടെന്നു തന്നെ കല്ല്യാണി ഗർഭം ധരിച്ചു . സന്തോഷകരമായ ആ കുടുംബജീവിതത്തെ തകിടം മറിച്ചു കൊണ്ടുണ്ടായ വാഹനാപകടത്തെ തുടർന്ന് രാമൻ അന്തരിച്ചു . സങ്കടത്തിന്റെ ആഴകടലിൽ താൻ ശ്വാസംമുട്ടുന്നത് ഏതോ ഒരു പ്രപഞ്ചശക്തികണ്ടു അവൾക്ക് സ്വാന്ത്വനമായി പിറന്നുവീണ കല്ല്യാണിയേട്ടത്തിയുടെ പൊന്നോമന മകൾ -നക്ഷത്ര . നക്ഷത്രത്തെപ്പോലെ തെളിഞ്ഞ മുഖം. അവളുടെ മുഖത്തേക്ക് നോക്കുമ്പോൾ തന്നെ തന്റെ രാമേട്ടനെയാണ് അവൾക്ക് ഓർമ്മവരുന്നത് .
തന്റെ മകളിപ്പോൾ എവിടെയാണ് ?

"യൂറോപ്പിലെ ഏതോരു വലിയ കമ്പനിയിലെ ഉയർന്ന സ്ഥാനത്താണ്" . അവൾ ഇന്ന് രാത്രി വരും .

പിന്നെയും ആറടിപ്പാത ചീറിപായുന്ന വാഹനങ്ങൾ .പഴയ ഓർമ്മകൾ തിരിച്ചുവരില്ലയെന്നു കല്ല്യാണിയേട്ടത്തിക്ക് നന്നായിയറിയാം . എന്നാൽ ആറടിപ്പാതയ്ക്കു മുമ്പേയുണ്ടായിരുന്ന പാടത്തിലെ കാറ്റിന്റെ ഗന്ധവും നാടൻപ്പാട്ടും കേട്ടാണ് നക്ഷത്രമോൾ വളർന്നത് . കാലമെത്ര കഴിഞ്ഞുപോയിരിക്കുന്നു ? നാടൻപ്പാട്ട് അവൾക്ക് വളരെ ഇഷ്ട്ടമായിരുന്നു . തന്റെ മോളെ താന്വുട്ടുന്നത് നാടൻപ്പാട്ട് പാടിയായിരുന്നു . അതു കേൾക്കുമ്പോൾ അവൾ നൃത്തം ചെയ്യുമായിരുന്നു . മകളുടെ നൃത്തം കണ്ട് താനും പങ്കുചേരുമായിരുന്നു . ഇപ്പോൾ നാടൻപ്പാട്ട് മനസ്സിലേക്കു ഓടിവരുന്നതു പോലെ .

“തിന്തിനിന്തോ താനിന്നാരോ

തിന്തിനിന്തോ താനിന്നാരോ"


കല്ല്യാണിയേട്ടത്തിക്ക് നൃത്തം ചെയ്യണമെന്നുണ്ട് . എന്നാൽ തന്റെ നക്ഷത്രമോൾ നിർബന്ധിച്ചു ധരിപ്പിച്ച കാലിലെ ചങ്ങല തന്നെയതിനനുവദിക്കുന്നില്ല .

# ചില്ലിട്ടുവയ്ക്കുന്ന കുത്തിവരകൾ

അംന ഫാത്തിമ


X J

വയസ്സ് പതിനഞ്ചായെങ്കിലും ഏഴ വയസ്സിന്റെ ബുദ്ധിയും വലിപ്പവും മാത്രമേ അവൾക്കുള്ളൂ . എന്റെ നേരെ ഇളയവളായ സിന്ധുവിന്റെ മകളാണവൾ . ആദ്യമവൾക്ക് കുട്ടികളുണ്ടാവില്ല എന്നെല്ലാം പറഞ്ഞുവെങ്കിലും പ്രതീക്ഷിക്കാതെയാണ് കുഞ്ഞിന്റെ വരവ് . എന്നാൽ കുഞ്ഞിന്
സെറിബ്രൽ പാൾസി ഉണ്ടായിരിക്കാൻ തൊണ്ണൂറുശതമാനം സാധ്യതയുണ്ടെന്ന് ഡോക്ടർമാർ പറഞ്ഞു . എന്നാൽ അത് അബോർട്ട് ചെയ്യാം എന്ന സിന്ധു തീരുമാനിച്ചുവെങ്കിലും ദീപേഷിന്റെ നിർബന്ധത്തിനു മുമ്പിൽ അവൾക്ക് വഴങ്ങേണ്ടിവന്നു . ഒരച്ഛനാവാൻ മാനസികമായി ദീപേഷ് തയ്യാറെടുത്തുകഴിഞ്ഞിരുന്നു .



പ്രസവശേഷം സിന്ധു വീണ്ടും ജോലിയിൽ പ്രവേശിച്ചു . കുഞ്ഞിനെ നോക്കി ദീപേഷ് പല ദിവസങ്ങളും അവധിയെടുത്തു . ഓഫീസിൽ നിന്നു നോട്ടീസ് വന്നു .മാറ്റേണിറ്റി ലീവ് പുരുഷൻമാർക്കുകൂടിയുണ്ടായിരുന്നെങ്കിലെന്ന് അവനെന്നോട് ഒരിക്കൽ പറഞ്ഞിരുന്നു . സിന്ധുവിനേക്കാൾ കുഞ്ഞിനെ സ്നേഹിച്ചിരുന്നത് ഒരുപക്ഷേ ദീപേഷായിരുന്നിരിക്കണം . അച്ഛന്റെയും മകളുടെയും സ്വപ്നലോകത്ത് സിന്ധുവും മെനക്കെടാറില്ല . ഓഫീസ് കാര്യങ്ങൾ നോക്കി അവൾ സ്വയം സമയം ചിലവഴിച്ചു . അവൾക്ക് വയസ്സറിയിച്ചപ്പോൾപ്പോലും ഒന്നു വന്നുനോക്കാൻ കഴിയാത്തത്ര തിരക്കായിപ്പോയി പിന്നീട് സിന്ധുവിന് . എന്റെ സഹായത്തോടു കൂടിയാണ് ദീപേഷ് അവളെ അതിനെല്ലാം സഹായിക്കാറുള്ളത് . അവധി ദിവസങ്ങളിൽ ദീപേഷ് അവൾക്കൊപ്പം ഇരുന്ന് എഴുത്തും വായനയും ചിത്രം വരയും അവൾക്ക് പഠിപ്പിച്ചുകൊടുത്തു . സ്പെഷൽ സ്കൂളിലാക്കാൻ പലരും ഉപദേശിച്ചെങ്കിലും ദീപേഷിന് അവളെ അങ്ങനെ ഒരിടത്ത് കാണാൻ ആഗ്രഹമില്ലായിരുന്നു . പിന്നീട് അതിശയകരമാം വിധം അവൾ പടം വരയ്ക്കാൻ തുടങ്ങി . ഭംഗിയുള്ള കുത്തിവരകൾ . അധികവും "ദീപേഷച്ഛനും ഞാനും ". ദീപേഷ് അവളുടെ മിക്ക ചിത്രങ്ങളും ചില്ലിട്ടു വയ്ക്കാറുണ്ടായിരുന്നു .
ഒരു ദിവസം വൈകീട്ട് ദീപേഷ് ഓഫീസിൽ നിന്ന് തിരിച്ചെത്തിയപ്പോൾ കണ്ടത് പുതിയൊരു ചിത്രവുമായി നിൽക്കുന്ന അവളെയായിരുന്നു . പതിവുതെറ്റിക്കാതെ "ദീപേഷച്ഛനും ഞാനും " തന്നെയായിരുന്നു ഇത്തവണയും വിഷയം . എന്തുകൊണ്ടോ അതിന് മുമ്പുള്ളതിനേക്കാളേറെ മിഴിവുണ്ടായിരുന്നു . അവൻ ഇപ്പോൾ വരാമെന്നു പറഞ്ഞു , ചിത്രവുമായി പോയതാണ് . സിന്ധു കിടന്നു . എനിക്കുറങ്ങാൻ കഴിയുന്നില്ല എന്തോ ഒരു ഭയപ്പാട് . അകലെ ഒരു നെട്ടുളാൻ കൂവി . അവളുടെ വായിൽ നിന്ന് നുരയും പതയും......

# ഭക്ഷ്യമേളയിൽ നിന്ന്






# മഴ വന്നപ്പോൾ

**നിയ പ്രമോദ് 5E**



മഴ വന്നേ ഹായ് മഴ വന്നേ
പെക്രോം പെക്രോം തവളകൾ ചാടി
മഴ വന്നേ ഹായ് മഴ വന്നേ
പൊടി മീനുകളൊക്കെ തുള്ളിചാടി
മഴ വന്നേ ഹായ് മഴ വന്നേ
മയിലുകൾ പീലി വിടർത്തി
മഴ വന്നേ ഹായ് മഴ വന്നേ
ഞാനുമുറക്കെ പാടി
മഴ വന്നേ ഹായ് മഴ വന്നേ

# ഹരിതഭംഗിയിൽ


തണൽ
പരിസ്ഥിതി ക്ലബ്


KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION
little KITEs
ലിറ്റിൽ കൈറ്റ്സ്
ഐ.ടി. ക്ലബ്ബ്
LK/2018/16047
ഗവ.ഗേൾസ് ഹയർ സെക്കണ്ടറി സ്കൂൾ
കൊയിലാണ്ടി, കോഴിക്കോട്
0496 2620558

# Livid Moste

ARABHI.S.B

*When rain of*
*rheum shed*
*i became the*
*seraph of welkin*
*I weltered like a*
*snake on your heart*
*I roted your*
*name in my soul*
*I felt the pain*
*of your mind*
*your frozen*
*mind with me*
*I varied my*
*self for you*
*you predestinated*
*the death of our life*
*The parable of*
*our life*
*you washed out*
*in my blood*
*You played like*
*a wind in my life*
*Sorry the whole*
*world is against*
*our muzzy mind*

# നിഴൽ

**ദേവമായ എസ്**
**9 A**

പിറന്നനാൾ മുതൽ എനിക്കു -
മുകളിൽ ഒരു പടുവൃക്ഷമായി നീ
അതിന്റെ നിഴലിൽ , തണപ്പിൽ
എന്റെ ബാല്യത്തിൻ മാധുര്യം
ഞാൻ നണഞ്ഞിരുന്നു
ആ നിഴലിന്റെ കുട്ടിൽ മഴയറിയാതെ -
വെയിലറിയാതെ എത്രനാൾ.....

നിന്റെ പൂക്കൾ എന്റെ
ഹൃദയത്തിലായിരുന്നു മൊട്ടിട്ടത്
അതിന്റെ സുഗന്ധം എന്നെ
മത്തു പിടിപ്പിച്ചു
സ്നേഹത്തിന്റെ മത്ത്

കൂടുവിട്ടു പറക്കാൻ  മോഹിച്ച
കിളിയായിരുന്നു ഞാൻ
നിന്റെ പൂക്കൾതൻ സൗരഭ്യ
നശിച്ചപ്പോൾ
ഞാൻ മറ്റൊരു പൂവിനെ തേടി

എന്നിട്ടും നീയെന്റെ
ചിറകടിക്കായി കാതോർത്തു
എത്ര വെട്ടിപ്രണപ്പെടുത്തിയിട്ടും
നീ എനിക്കായി വേദന തിന്നു ചിരിച്ചു

എന്റെ സ്നേഹത്തിന്റെ താക്കോൽ
ഞാൻ എങ്ങോ കളഞ്ഞിരിക്കുന്നു
അതിപ്പോൾ തുരുമ്പെടുത്തു നശിച്ചിരിക്കാം..

നീ ഒരു നിഴലാണെനിക്ക്
എന്റെ ദുഃഖത്തിലും , സുഖത്തിലും
നീയെന്നെ പിന്തുടർന്നു
നിന്റെ നിഴലിന്റെ ഇരുട്ടായിരുന്നു ,
എന്റെ ഹൃദയത്തിലെ വെളിച്ചം

ആ നിഴലിന്റെ ഇരുട്ടിൽ
ഞാൻ സ്വതന്ത്രയായിരുന്നു
ഇന്ന് വെളിച്ചമെന്നെ
തുറിച്ചു നോക്കുന്നു !

# HOPING DREAMS

**Kavya.B**
8-I

My life started
to dream deep
when my eyes
started to peep
To unlock the doors
of mystery
avoiding the doors of luxury.
I have a dream to
be a rice in hunger's plate.
And not to be so late.
I have a dream to open
the doors of lie and fly.
I have a dream to show
the land for those
searches for land.
I have a dream to be a
light for the child who
lost its kite.
I have a dream to be a day.
For those who find ways
to pull out their days.
And at last to rest  in peace.
To spend my life a piece
for the dreams of my
life..........

# Waste into Wealth

## Used Vehicle tyres into beautyfull pots






# പ്രണയിനി

മാളവിക എ . പി
10 J

കിരണൻ തൻ കാമിനി കമലം
ചന്ദ്രൻ തൻ പ്രണയിനിയോ ആമ്പൽ
എന്നാൽ ,
നിന്റെ പ്രണയിനിയാരാണ്
പൂമഴയേ നിൻ പ്രണയിനിയാര്
കടലാസുവള്ളങ്ങൾ നിന്നിലൊ -
ഴുക്കുമ്പോൾ ആ പ്രേയസി
ഞാനായി മാറുന്നുവോ
നിൻ മനോഹാരിതയിൽ
ഞാൻ മയങ്ങുന്നുവോ
അറിയില്ല ,
നിന്നെ സ്വന്തമാക്കാൻ
ഒന്നായിചേരാൻ ഇത്രയും
അഭിമതമെന്തെന്നറിയില്ല
ഇത്രമേൽ നിന്നെ പ്രണയി -
ക്കുവാൻ എന്നെ പ്രേരിപ്പി -
ച്ചതെന്തെന്നറിയില്ല

വാനത്തിൻ കണ്ണീരായ്
പൊഴിയുമ്പോൾ , നീ എന്നിൽ
സുഖോ ദയം ഉണ്ടാക്കുന്നു
എൻ ഭവനം നിൽ വെള്ളി
നൂലുകളാൽ അലങ്കരിക്കപ്പെടുമ്പോൾ ,

എൻ മനതാരം താനേ
അലങ്കൃതമാകുന്നു
നിൻ സുവർണ്ണ സംഗീതം
എൻ മാനസത്തിൽ
അലയടിക്കുന്നു ,
ഒഴുകുന്നു , നിറയുന്നു ,
ഇടനെഞ്ചിൽ ഇരമ്പുന്നു
സപദി ഞാൻ നിൻ
പ്രണയിനി ...

# രാത്രി

**അനുപ്രിയത .ആർ**

രാത്രി നീ എത്ര സുന്ദരി
നിൻ അഗാധതയിലേക്ക നോക്കുമ്പോൾ
ചുരുളഴിയാത്ത എത്ര സത്യങ്ങൾ ഒളിഞ്ഞിരിപ്പൂ...
നിൻെറ പരിഹാസ പുഞ്ചിരി
എന്നിൽ തൊടുത്തുവിടുമ്പോൾ നീ അറിയുന്നുവോ
എൻെറ ഉള്ളിലെ യാതനകൾ ,വേവലാതികൾ
അത് എനിക്കെതിരെ എറിയുമ്പോൾ
എനിക്കേറ്റ ക്ഷതം നീ മനസ്സിലാക്കുന്നോ?
എന്നെ അത് പിടിച്ചുലയ്ക്കുമോ എന്ന
നീ ഭയപ്പെടാത്തതെന്താണ്?
നീ താഴിട്ടുപൂട്ടിയ നിഗൂഢരഹസ്യങ്ങളുടെ
ചരടുകൾ പൊട്ടിച്ചെറിയാൻ നീ എന്തേ
എന്നെ നിർബന്ധിക്കുന്നില്ല.
ശ്യാമേ നിനക്കെന്തു ശാന്തത.
ആരറിയുന്നു നിന്റെ രഹസ്യ സ്വഭാവം,
നിന്റെ മറവിലുള്ള ക്രൂരതകൾ....
നിന്നാൽ ആകർഷിക്കപ്പെട്ടെത്തുന്നവർക്ക്
അഭയം കൊടുക്കുവാൻ എന്തിനു നീ
മടികാണിക്കുന്നു നിശേ
പുറത്തു കടക്കാനാവാത്ത വിധം അവരെ നീ
ബന്ധിയാക്കുന്നതെന്തിന് ?....
നിനക്കു തടുക്കാനാകുമായിരുന്നിട്ടും എന്തേ നീ
അവരെ വിശന്നു വലയുന്ന
പുലികൾതൻ പുലിമടയിൽ ഇറക്കിവിടുന്നത്...
നേർവഴി കാണിച്ചു കൊടുക്കാമായിരുന്നിട്ടും
നിന്റെ മനസാക്ഷി എന്തേ നിന്നെ
അതിനു അനുവദിക്കാതിരുന്നത്...
നീ ഇത്ര നിഷ്ഠൂരയായതെപ്പോഴാണു നിശീഥിനി,
നിന്നിൽ സ്നേഹവും കരുണയും
വറ്റിപ്പോയതെപ്പോഴാണ്....
മനുഷ്യത്വം അകന്നതെപ്പോഴാണ്....
ഹൃദയം നശിച്ചതും മനസ്സു വരണ്ടതും
ഞാനറിഞ്ഞില്ലല്ലോ....
ഇനിയെത്ര കാത്തിരുപ്പുകൾ വേണ്ടിവരും
തമസ്വിനി നീയുണ്ടാക്കുന്ന
ഭീതിയൊഴിയാൻ
നിന്നിൽ സ്നേഹം തുളുമ്പി നിറഞ്ഞ്
അത് ഒരു സാഗരമായി മാറീടുവാൻ....

# വര

നിരഞ്ജന ടി കെ

